**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** | **27-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.പി.മോഹനൻ | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) 2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>പ്രസ്തുത പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച മേഖലകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. |

| ക്രമ നമ്പർ | മേഖല | തുടങ്ങിയസംരംഭങ്ങളുടെഎണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|
| 1 . | വ്യാപാരപ്രവർത്തനം | 46170 | 2639.41 | 85112 |
| 2. | അഗ്രോ ഫുഡ്, പാനീയം, മാംസം / മത്സ്യ ഉൽപ്പന്നവും സംസ്കരണവും | 22848 | 1321.39 | 56724 |
| 3 . | വസ്ത്രങ്ങളും തുണിത്തരങ്ങളും, തയ്യൽ, ബൊട്ടീക്, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ | 14345 | 575.28 | 28929 |
| | മറ്റ്സേവന പ്രവർത്തനങ്ങൾ | 10859 | 643.45 | 23811 |
| | ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുംസേവനങ്ങളും, ഐടി, മൊബൈൽ ഹാർഡ്വെയർ, കേബിൾ ടിവി, ഇന്റർനെറ്റ് | 5226 | 293.99 | 9619 |
| | പേഴ്സണൽ കെയർ ഉൽപ്പന്നവും സേവനങ്ങളും, സൗന്ദര്യവർദ്ധക വസ്തുക്കൾ, വെൽനസ്, ജിംനേഷ്യം, ആയോധന കലകൾ, യോഗ | 4725 | 249.47 | 8725 |
| | ഓട്ടോമൊബൈൽ സേവനം / അറ്റകുറ്റപ്പണി | 3893 | 268.07 | 8875 |
| | ബിൽഡിംഗ് മെറ്റീരിയൽസ്, കൺസ്ട്രക്ഷൻ, ആർക്കിടെക്ചർ, സ്ട്രക്ചറൽ ഡിസൈനിംഗ് | 3723 | 356.08 | 10630 |
| | വീഡിയോ/ ഫോട്ടോ പ്രോസസ്സിംഗ്, മീഡിയ&എന്റർടൈൻമെന്റ്, ഇവന്റ് മാനേജ്മെന്റ്, പ്രിന്റിംഗ്&പബ്ലിഷിംഗ്, ഡിടിപി | 3675 | 245.23 | 7195 |
| | മറ്റ് ഉല്പാദന പ്രവർത്തനങ്ങൾ | 2329 | 166.61 | 6449 |
| | മെഡിക്കൽ / ആശുപത്രി ഉപകരണങ്ങൾ, മെഡിക്കൽ ലാബുകൾ | 2303 | 265.76 | 7025 |
| | വിജ്ഞാന സേവനങ്ങൾ, പരിശീലന / കോച്ചിംഗ് സെന്ററുകൾ | 2246 | 99.43 | 5847 |
| | ജനറൽ എഞ്ചിനീയറിംഗ്&പ്രിസിഷൻ എഞ്ചിനീയറിംഗ് (സ്റ്റീൽ, ഇരുമ്പ് ഉൽപ്പന്നങ്ങൾമുതലായവ / ഫാബ്രിക്കേഷൻ) | 1921 | 158.71 | 4810 |
| | ആയുർവേദം ഉൾപ്പെടെയുള്ള മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും | 1841 | 116.9 | 3872 |
| | ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റാലിറ്റി | 1545 | 183.75 | 3351 |
| | മര ഉൽപ്പന്നങ്ങൾ | 1496 | 193.94 | 4395 |
| | കൈത്തറി, കയർ, കരകൗശല വസ്തുക്കൾ | 1216 | 28.55 | 2981 |
| | ഇൻഫർമേഷൻ ടെക്നോളജി / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / റോബോട്ടിക്സ് / ബിപിഎം | 726 | 30.25 | 1720 |
| | പേപ്പർ ഉൽപ്പന്നങ്ങൾ | 624 | 54.74 | 1989 |

| | | | | |
|---|---|---|---|---|
| | രാസ ഉൽപ്പന്നങ്ങൾ | 567 | 38.93 | 1416 |
| | ജൈവ / രാസവളങ്ങൾ | 283 | 14.83 | 591 |
| | പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ | 268 | 44.72 | 882 |
| | തുകൽ ഉൽപ്പന്നങ്ങൾ | 261 | 16.72 | 590 |
| | റബ്ബർ ഉൽപ്പന്നങ്ങൾ | 255 | 30.01 | 612 |
| | പുനരുപയോഗം, മാലിന്യസംസ്കരണം | 221 | 20.25 | 841 |
| | ഊർജ്ജം,പുനരുപയോഗ ഊർജ്ജം | 148 | 21.06 | 389 |
| | ഗ്ലാസ് ഉൽപ്പന്നങ്ങൾ | 127 | 17.76 | 317 |
| | ബയോടെക്നോളജി | 26 | 6.04 | 102 |
| | മറ്റുള്ളവ | 78 | - | - |
| **ആകെ** | | **133945** | **8101.33** | **287799** |

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സബ്സിഡി നിരക്കിൽ ലോണുകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും വായ്പ്പ ലഭ്യമാക്കുവാൻ സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം **(KELS)** അവതരിപ്പിച്ചിട്ടുണ്ട്. സംരംഭകർക്ക് വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് 'One Family One Enterprise' പദ്ധതി മുഖേന പലിശ ഇളവ് നൽകുന്നു. ഇതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാര മേഖലയിൽ, ബാങ്ക് വായ്പ എടുത്തു പുതതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള നിരക്കിന് 6% വരെ ഇളവ് ധന സഹായമായി നൽകുന്ന ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാത കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ /അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള പലിശയിളവ് വർക്കിങ് ക്യാപിറ്റൽ ലോണിന് അർഹതയുണ്ട്.

കൂടാതെ, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നീ പദ്ധതികൾ വഴിയും ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി വായ്പയിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങൾ തുടർന്നും നല്ല രീതിയിൽ നിലനിർത്തിക്കൊണ്ടുപോകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ കളുടെ സുസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.
എം.എസ്.എം.ഇ-കൾക്ക് കുറഞ്ഞ പലിശയും വായ്പയും മറ്റ് തരത്തിലുള്ള ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ സൃഷ്ടിക്കുക; അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുക, പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക; ഇ-കൊമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും, വിപണി ഗവേഷണം സുഗമമാക്കുകയും ചെയ്യുക, ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിക്കുകയും ചെയ്തു കൊണ്ട് MSME-യുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുക; ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെക്നോളജി, ഉയർന്നു വരുന്ന വിപണി സാദ്ധ്യതകൾ മുതലായവയിൽ എം.എസ്.എം.ഇ-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക; ഗവേഷണ-വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം സൃഷ്ടിച്ച് കൊണ്ട് എം.എസ്.എം.ഇ-കളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് സർക്കാർ ആവിഷ്കരിക്കുന്നത്.

കൂടാതെ നിലവിലുള്ള എം.എസ്.എം.ഇ- കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

(ഡി) സംരംഭക വർഷം പദ്ധതി പ്രകാരം ഫെബ്രുവരി 20 വരെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ പേര്** | **ആരംഭിച്ച സംരംഭങ്ങൾ** | **നിക്ഷേപം (കോടി രൂപ യിൽ)** | **തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്** |
|---|---|---|---|---|
| 1 | കൂത്തുപറമ്പ് (മുനിസിപ്പാലിറ്റി) | 136 | 7.97 | 290 |
| 2 | കോട്ടയം പഞ്ചായത്ത് | 90 | 4.72 | 169 |
| 3 | കുന്നത്തുപറമ്പ് പഞ്ചായത്ത് | 162 | 5.05 | 249 |
| 4 | മോകേരി പഞ്ചായത്ത് | 94 | 4.66 | 213 |
| 5 | പാനൂർ (മുനിസിപ്പാലിറ്റി) | 249 | 14.61 | 521 |
| 6 | പാട്ടിയം പഞ്ചായത്ത് | 138 | 5.11 | 322 |
| 7 | തൃപ്പൻഗോട്ടൂർ പഞ്ചായത്ത് | 142 | 6.46 | 330 |
| | **Total** | **1011** | **48.58** | **2094** |

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487**      **27-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.പി.മോഹനൻ** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാന സർക്കാർ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(എ) 2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.

പ്രസ്തുത പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച മേഖലകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മേഖല | തുടങ്ങിയസംരംഭങ്ങളുടെഎണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ |
|---|---|---|---|---|
| 1 . | വ്യാപാരപ്രവർത്തനം | 46170 | 2639.41 | 85112 |
| 2. | അഗ്രോ ഫുഡ്, പാനീയം, മാംസം / മത്സ്യ ഉൽപ്പന്നവും സംസ്കരണവും | 22848 | 1321.39 | 56724 |
| 3 . | വസ്ത്രങ്ങളും തുണിത്തരങ്ങളും, തയ്യൽ, ബൊട്ടീക്, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ | 14345 | 575.28 | 28929 |
| | മറ്റ്സേവന പ്രവർത്തനങ്ങൾ | 10859 | 643.45 | 23811 |
| | ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുംസേവനങ്ങളും, ഐടി, മൊബൈൽ ഹാർഡ്വെയർ, കേബിൾ ടിവി, ഇന്റർനെറ്റ് | 5226 | 293.99 | 9619 |
| | പേഴ്സണൽ കെയർ ഉൽപ്പന്നവും സേവനങ്ങളും, സൗന്ദര്യവർദ്ധക വസ്തുക്കൾ, വെൽനസ്, ജിംനേഷ്യം, ആയോധന കലകൾ, യോഗ | 4725 | 249.47 | 8725 |
| | ഓട്ടോമൊബൈൽ സേവനം / അറ്റകുറ്റപ്പണി | 3893 | 268.07 | 8875 |
| | ബിൽഡിംഗ് മെറ്റീരിയൽസ്, കൺസ്ട്രക്ഷൻ, ആർക്കിടെക്ചർ, സ്ട്രക്ചറൽ ഡിസൈനിംഗ് | 3723 | 356.08 | 10630 |
| | വീഡിയോ/ ഫോട്ടോ പ്രോസസ്സിംഗ്, മീഡിയ&എന്റർടൈൻമെന്റ്, ഇവന്റ് മാനേജ്മെന്റ്, പ്രിന്റിംഗ്&പബ്ലിഷിംഗ്, ഡിടിപി | 3675 | 245.23 | 7195 |
| | മറ്റ് ഉല്പാദന പ്രവർത്തനങ്ങൾ | 2329 | 166.61 | 6449 |
| | മെഡിക്കൽ / ആശുപത്രി ഉപകരണങ്ങൾ, മെഡിക്കൽ ലാബുകൾ | 2303 | 265.76 | 7025 |
| | വിജ്ഞാന സേവനങ്ങൾ, പരിശീലന / കോച്ചിംഗ് സെന്ററുകൾ | 2246 | 99.43 | 5847 |
| | ജനറൽ എഞ്ചിനീയറിംഗ്&പ്രിസിഷൻ എഞ്ചിനീയറിംഗ് (സ്റ്റീൽ, ഇരുമ്പ് ഉൽപ്പന്നങ്ങൾമുതലായവ / ഫാബ്രിക്കേഷൻ) | 1921 | 158.71 | 4810 |
| | ആയുർവേദം ഉൾപ്പെടെയുള്ള മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും | 1841 | 116.9 | 3872 |
| | ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റാലിറ്റി | 1545 | 183.75 | 3351 |
| | മര ഉൽപ്പന്നങ്ങൾ | 1496 | 193.94 | 4395 |
| | കൈത്തറി, കയർ, കരകൗശല വസ്തുക്കൾ | 1216 | 28.55 | 2981 |
| | ഇൻഫർമേഷൻ ടെക്നോളജി / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / റോബോട്ടിക്സ് / ബിപിഎം | 726 | 30.25 | 1720 |
| | പേപ്പർ ഉൽപ്പന്നങ്ങൾ | 624 | 54.74 | 1989 |
| | | | | |

| | | | |
|---|---|---|---|
| | രാസ ഉൽപ്പന്നങ്ങൾ | 567 | 38.93 | 1416 |
| | ജൈവ / രാസവളങ്ങൾ | 283 | 14.83 | 591 |
| | പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ | 268 | 44.72 | 882 |
| | തുകൽ ഉൽപ്പന്നങ്ങൾ | 261 | 16.72 | 590 |
| | റബ്ബർ ഉൽപ്പന്നങ്ങൾ | 255 | 30.01 | 612 |
| | പുനരുപയോഗം, മാലിന്യസംസ്കരണം | 221 | 20.25 | 841 |
| | ഊർജ്ജം,പുനരുപയോഗ ഊർജ്ജം | 148 | 21.06 | 389 |
| | ഗ്ലാസ് ഉൽപ്പന്നങ്ങൾ | 127 | 17.76 | 317 |
| | ബയോടെക്നോളജി | 26 | 6.04 | 102 |
| | മറ്റുള്ളവ | 78 | - | - |
| **ആകെ** | | **133945** | **8101.33** | **287799** |

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സബ്സിഡി നിരക്കിൽ ലോണുകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും വായ്പ്പ ലഭ്യമാക്കുവാൻ സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം **(KELS)** അവതരിപ്പിച്ചിട്ടുണ്ട്. സംരംഭകർക്ക് വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് 'One Family One Enterprise' പദ്ധതി മുഖേന പലിശ ഇളവ് നൽകുന്നു. ഇതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാര മേഖലയിൽ, ബാങ്ക് വായ്പ എടുത്ത് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള നിരക്കിന് 6% വരെ ഇളവ് ധന സഹായമായി നൽകുന്ന ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാത കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ /അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള പലിശയിളവ് വർക്കിങ് ക്യാപിറ്റൽ ലോണിന് അർഹതയുണ്ട്.

കൂടാതെ, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നീ പദ്ധതികൾ വഴിയും ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി വായ്പയിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങൾ തുടർന്നും നല്ല രീതിയിൽ നിലനിർത്തിക്കൊണ്ടുപോകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ കളുടെ സുസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.
എം.എസ്.എം.ഇ-കൾക്ക് കുറഞ്ഞ പലിശയും വായ്പയും മറ്റ് തരത്തിലുള്ള ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ സൃഷ്ടിക്കുക; അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുക, പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക; ഇ-കൊമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും, വിപണി ഗവേഷണം സുഗമമാക്കുകയും ചെയ്യുക, ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിക്കുകയും ചെയ്തു കൊണ്ട് MSME-യുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുക; ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെക്നോളജി, ഉയർന്നു വരുന്ന വിപണി സാദ്ധ്യതകൾ മുതലായവയിൽ എം.എസ്.എം.ഇ-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക; ഗവേഷണ-വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം സൃഷ്ടിച്ച് കൊണ്ട് എം.എസ്.എം.ഇ-കളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് സർക്കാർ ആവിഷ്കരിക്കുന്നത്.

കൂടാതെ നിലവിലുള്ള എം.എസ്.എം.ഇ- കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

(ഡി) സംരംഭക വർഷം പദ്ധതി പ്രകാരം ഫെബ്രുവരി 20 വരെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ പേര്** | **ആരംഭിച്ച സംരംഭങ്ങൾ** | **നിക്ഷേപം (കോടി രൂപ യിൽ)** | **തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്** |
|---|---|---|---|---|
| 1 | കൂത്തുപറമ്പ് (മുനിസിപ്പാലിറ്റി) | 136 | 7.97 | 290 |
| 2 | കോട്ടയം പഞ്ചായത്ത് | 90 | 4.72 | 169 |
| 3 | കുന്നത്തുപറമ്പ് പഞ്ചായത്ത് | 162 | 5.05 | 249 |
| 4 | മോകേരി പഞ്ചായത്ത് | 94 | 4.66 | 213 |
| 5 | പാനൂർ (മുനിസിപ്പാലിറ്റി) | 249 | 14.61 | 521 |
| 6 | പാട്ടിയം പഞ്ചായത്ത് | 138 | 5.11 | 322 |
| 7 | തൃപ്പൻഗോട്ടൂർ പഞ്ചായത്ത് | 142 | 6.46 | 330 |
| | **Total** | **1011** | **48.58** | **2094** |

സെക്ഷൻ ഓഫീസർ